**കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കിച്ചൺ, കൗൺസിലിങ് സേവനങ്ങൾ ഉറപ്പാക്കാൻ പാലക്കാട് ജില്ലാ ഭരണകൂടത്തിന്റെ കോവിഡ് സപ്പോർട്ട് ഡെസ്കും മൊബൈൽആപ്പും**

കൊറോണ രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷയെ മുൻനിർത്തി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ഭക്ഷണം അടക്കമുള്ള അവശ്യ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. പാലക്കാട് ജില്ലയിൽ, ജനങ്ങൾക്ക് ഏറ്റവും അത്യാവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ വെബ്സൈറ്റും മൊബൈൽ ആപ്പും പുറത്തിറക്കിയിരിക്കുകയാണ് ജില്ലാ ഭരണകൂടം. പാലക്കാട് ഗവണ്മെന്റ് പോളിടെക്നിക്കിലെ എൻ.എസ്.എസ് (നാഷണൽ സർവീസ് സ്കീം) വിഭാഗവും ജില്ലാ ഭരണകൂടവും സംയുക്തമായാണ് കോവിഡ് സപ്പോർട്ട് ഡെസ്ക് വെബ്സൈറ്റിനും മൊബൈൽ ആപ്പിനും രൂപം നൽകിയത്. ജനങ്ങൾക്ക്, ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങൾ മൊബൈൽ ആപ്പിലൂടെ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. കുടുംബശ്രീ പാലക്കാട് ജില്ലാമിഷനാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട സേവനദാതാക്കൾ.

ജില്ലയിൽ കുടുംബശ്രീയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 103 കമ്മ്യൂണിറ്റി കിച്ചണുകളുടെയും വിശദ വിവരങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ആപ്പിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആപ്പ് കൈവശം ഉള്ള ജില്ലയിലെ ഏതൊരാൾക്കും കമ്മ്യൂണിറ്റി കിച്ചണുകളെ ബന്ധപ്പെട്ട് ഭക്ഷണ ലഭ്യത ഉറപ്പാക്കാനാവും. ഇതിനോടൊപ്പം സ്നേഹിതയിലൂടെയുള്ള കമ്മ്യൂണിറ്റി കൗൺസിലിംഗും ഈ ആപ്പുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. സ്നേഹിത

ജെൻഡർ ഹെൽപ്  ഡെസ്കിന്റെ രണ്ടു ഫോൺ നമ്പറുകൾ ആണ് മൊബൈൽ ആപ്പിൽ നൽകിയിട്ടുള്ളത്. സ്നേഹിതയുടെ കൗൺസിലർമാരെ ഏത് പ്രതിസന്ധി ഘട്ടത്തിലും ബന്ധപ്പെടാനുള്ള സൗകര്യം ഇത്തരത്തിൽ കുടുംബശ്രീ ഉറപ്പാക്കുന്നു. സ്നേഹിത ജെൻഡർ ഹെൽപ്  ഡെസ്കിലൂടെ നൽകുന്ന കൗൺസിലിംഗ് സേവനങ്ങൾക്ക് പുറമെയാണിത്. ഏപ്രിൽ രണ്ടാം തീയതിയോടെ പുറത്തിറക്കിയ മൊബൈൽ ആപ്പിലൂടെ നിരവധി ജനങ്ങളാണ് തങ്ങൾക്കുള്ള സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നത്.

സന്നദ്ധപ്രവർത്തകരിലൂടെയാണ് സേവനങ്ങൾ ഉറപ്പാക്കുന്നത്. കോവിഡ്19 രോഗത്തിനെ പറ്റിയും, വ്യാപനരീതിയെപ്പറ്റിയും, അത് തടയേണ്ട രീതികളെപ്പറ്റിയും രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൊതു ജനങ്ങൾ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങളെപ്പറ്റിയും വെബ്സൈറ്റിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്. ജില്ലയിൽ തുറന്ന് പ്രവർത്തിക്കുന്ന കടകളുടെ പട്ടിക, ആംബുലൻസ്, വൈദ്യസഹായം എന്നിവ ഉറപ്പാക്കാൻ ഉള്ള നമ്പറുകളും ഹെൽപ്  ലൈൻ നമ്പറുകളും വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ പല ഭാഗത്ത് നിന്നുള്ള ആളുകൾ കമ്മ്യൂണിറ്റി കിച്ചൺ സേവനങ്ങളും കൗൺസിലിംഗ് സേവനങ്ങളും ഇത് വഴി ഉറപ്പാക്കുന്നുണ്ട്. പാലക്കാട് ജില്ലാ ഭരണകൂടത്തിന്റെ സംരംഭമായ കോവിഡ് സപ്പോർട്ട് ഡെസ്കിലൂടെയും മൊബൈൽ ആപ്പിലൂടെയും പരമാവധി ആളുകളിലേക്ക് തങ്ങളുടെ സേവനങ്ങൾ എത്തിക്കുകയാണ് കുടുംബശ്രീ പാലക്കാട് ജില്ലാമിഷൻ.

കോവിഡ് സപ്പോർട്ട് ഡെസ്ക് വെബ്സൈറ്റിന്റെ ലിങ്ക് : http://covidsupport.in/home/